സേവന വ്യവസ്ഥകളും തൃപ്തികരമാണെങ്കിൽ മാത്രമേ അവരിൽനിന്നും ആശിക്കുന്ന രീതിയിലുള്ള സേവനം കിട്ടുകയുള്ളു. കോഴിക്കോട്ടിനെ സംബന്ധിച്ചിടത്തോളം അവിടത്തെ യൂണിയനുമായി കൂടിയാലോചിച്ചിട്ടുള്ളതിന്റെ ഫലമായിട്ടുള്ളതാണ് അവിടത്തെ സേവന വ്യവസ്ഥകളും. ഇനി ഒരു ഉത്തരവിന്റെ പ്രശ്നമുണ്ട്. ആ പ്രശ്നം പരിഹരിച്ചുകൊണ്ട് ഗവൺമെന്റു ഈ ആഴ്ചയിൽ ഒരു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു മുനിസിപ്പാലിറ്റികളെ സംബന്ധിച്ചിടത്തോളം പൊതുവായ പ്രശ്നങ്ങളും ഒന്നുമില്ല.

പഞ്ചായത്തു ജീവനക്കാരുടെ ആവശ്യങ്ങൾ

* 252 [907] ശ്രീ. എൻ. കെ. ശേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യ വികസനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തു ജീവനക്കാർ അടുത്ത കാലത്ത് സർക്കാരിലേക്ക് അവരുടെ അടിയന്തിരാവശ്യങ്ങളെ പുരസ്ക്കരിച്ച് വല്ല മെമ്മോറാണ്ഡവും തന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഉള്ളടക്കം എന്ത്;

(സി) ഗവൺമെന്റ് അതിൻമേൽ എന്തു നടപടി എടുത്തു?

വിദ്യാഭ്യാസ മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) പല തരത്തിലുള്ള 25 ആവശ്യങ്ങളും ഉന്നയിച്ചിട്ടുണ്ട്. പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(സി) ആവശ്യങ്ങളിൽ പ്രധാനമായതു പഞ്ചായത്തു ജീവനക്കാർക്കു പെൻഷൻ ആനുകൂല്യം ലഭിക്കുന്ന കെ. എസ്. ആർ. ബാധകമാക്കുന്നതിനും സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ച പ്രകാരം ഒന്നോ രണ്ടോ പേരെ പരിച്ചുവിട്ടവരെ തുടരാനുള്ള ഉത്തരവു പുറപ്പെടുവിക്കാനുമാണ്. ആകെയുള്ള കാര്യങ്ങളും ഗവൺമെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണ്.

ശ്രീ. എൻ. കെ. ശേഷൻ: സാമ്പത്തിക ബാദ്ധ്യത ഇല്ലാത്ത ഏതാനും ചില ആവശ്യങ്ങൾകൂടി ഈ പട്ടികയിൽ പറഞ്ഞിട്ടുണ്ട്. ആ ആവശ്യങ്ങളെ സംബന്ധിച്ചു അടിയന്തിരമായ നടപടി എടുക്കുന്നതിനു ഉത്തരവു പുറപ്പെടുവിക്കുവാൻ ഗവൺമെൻറു തയാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സാമ്പത്തിക കഴിവിനു ആ വക കാര്യങ്ങളും ആലോചിക്കുവാൻ ഗവൺമെൻറു സന്നദ്ധമാണ്. ഒന്നു രണ്ടു സമ്മേളനങ്ങളും ഇതു സംബന്ധിച്ചു നടന്നു കഴിഞ്ഞു.

ഈ വരുന്ന 14-ാം തീയതി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഈ സംഘടനയുമായി കൂടിയാലോചന നടത്തുന്നുണ്ട്.

ശ്രീ. വി. വി. കുഞ്ഞമ്പു: ആയിരക്കണക്കിനു പഞ്ചായത്തു ജീവനക്കാർ ഈ കഴിഞ്ഞ ഒക്ടോബർ 4-ാം തീയതി പഞ്ചായത്തു ഡയറക്ടറാഫീസിനുമുമ്പിൽ ഒരു സൂചനാ സത്യാഗ്രഹം നടത്തിയതായും ഒരു മെമ്മോറാണ്ഡം സമർപ്പിച്ചിട്ടുള്ളതായും അറിയാമോ; മെമ്മോറാണ്ഡത്തിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങളും ദയാപൂർവ്വം പരിഗണിക്കുമോ?

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇതിൽ ആദ്യത്തെ ഭാഗത്തിനു അറിയാം എന്നാണു മറുപടി. രണ്ടാമത്തെ ഭാഗത്തിനു ഉവ്വ് എന്നു മറുപടി പറഞ്ഞുകഴിഞ്ഞു.

ശ്രീ. എ. എസ്. പുരുഷോത്തമൻ: ഗവൺമെൻറു ഓർഡറിലാക്കിയിട്ടുള്ള തീരുമാനങ്ങൾ നടപ്പിലാക്കാത്തതു കൊണ്ടാണ് ഈ സത്യാഗ്രഹം നടത്തിയതെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഗവൺമെൻറുത്തരവു നടപ്പിലാക്കാത്തതുകൊണ്ടാണ് സത്യാഗ്രഹം നടത്തിയതെന്നു ഫയൽ നോക്കിയിട്ടു മനസ്സിലാകുന്നില്ല. ഏതായാലും അവശതകൾ ഉണ്ട്. അതു സംബന്ധിച്ച പത്തിരുപതാവശ്യങ്ങൾ ഗവൺമെൻറിന്റെ മുമ്പിൽ ഇരിക്കുകയാണ്. ഡയറക്ടർ ഓഫ് പഞ്ചായത്തുമായി കൂടിയാലോചന നടത്തുകയും അതിന്റെ അനുബന്ധം എന്നുള്ള നിലയിൽ മറെറാരു കൂടിയാലോചന നടത്താൻ പോകുകയുമാണെന്നും ഇപ്പോൾ എനിക്കു പറയുവാൻ കഴിയും.

ശ്രീ. കെ. ഐ. രാജൻ: ഈ അടുത്തകാലത്ത് പഞ്ചായത്തുകളിലെ സ്റ്റാഫ്സ്ട്രെംഗ്ത്ത് നിശ്ചയിച്ചുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ ഓർഡർ പുറപ്പെടുവിച്ചതിന്റെ ഫലമായി പല മേജർ പഞ്ചായത്തുകളിലും ബിൽ കളക്ടർമാരായി ജോലി നോക്കിയിരുന്നവരെ പിരിച്ചുവിടേണ്ടിവന്നിട്ടുണ്ട്. അതിൽ പ്രതിഷേധിച്ച് പല മേജർ പഞ്ചായത്തുകളിൽ നിന്നും ഗവൺമെൻറിന് ഇക്കാര്യത്തെപ്പററി മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. അതിൻമേൽ എന്തു നടപടികൾ ഗവൺമെൻറിൽനിന്നും എടുത്തുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പല മേജർ പഞ്ചായത്തുകളിൽ നിന്നും പല മെമ്മോറാണ്ടങ്ങളും ഗവൺമെൻറിലേക്ക് സമർപ്പിച്ചിട്ടുണ്ട്. അതെല്ലാം തന്നെ ഗവൺമെൻറിന്റെ പരിഗണനയുടെ വിവിധ ഘട്ടങ്ങളിൽ ഇരിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: പഞ്ചായത്തു ജീവനക്കാർക്ക് പ്രമോഷൻ കൊടുക്കുന്ന അവസരത്തിൽ പ്രമോഷൻ കിട്ടുന്നവർക്ക് അവർ മുമ്പു വാങ്ങിച്ചുകൊണ്ടിരുന്നതിൽ കുറഞ്ഞ ശമ്പളമാണ് കിട്ടുന്നതെന്ന് അറിയുന്നു. അത് പരിഹരിക്കുന്നതിനു വേണ്ടി ഗവൺമെൻറിൽനിന്നും എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങയെയുള്ള അനോമലികളെല്ലാം ഉണ്ടെന്നുള്ളതിനെപ്പററി ഗവൺമെൻറിലേക്ക് തന്നിട്ടുള്ള 25 ആവശ്യങ്ങളുടെ കൂട്ടത്തിൽ ഉന്നയിച്ചിട്ടുണ്ടായിരിക്കണം. ആ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള തീരുമാനങ്ങൾ എടുക്കുമ്പോൾ അതും ഉൾപ്പെടും.

ശ്രീ. എ. വി. കുഞ്ഞമ്പു: പഞ്ചായത്തുകളിൽ ബിൽ കളക്ടർമാരായി പ്രവർത്തിച്ചുകൊണ്ടിരുന്ന ആളുകളെ അതേ തസ്തികയിൽ തന്നെ ബിൽ കളക്ടർ-കം-പ്യൂൺ എന്നുള്ള ഗ്രേഡിലാക്കുകയും അവർക്കുണ്ടായിരുന്ന എല്ലാ അവകാശങ്ങളും നിഷേധിക്കുകയും ചെയ്തതായി അറിയാമോ? ഉദാഹരണമായി ഒരു മേജർ പഞ്ചായത്തായ പടന്ന പഞ്ചായത്തിൽ നിന്നും ഈ കാര്യങ്ങൾ കാണിച്ചുകൊണ്ടുള്ള നിവേദനം കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൽ എന്തു നടപടികളെടുത്തിട്ടുണ്ടെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ: ഇങ്ങനെ ഓരോ പഞ്ചായത്തുകളെപ്പറ്റിയും പ്രത്യേകം പ്രത്യേകം ചോദിക്കാൻ പാടില്ല.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പടന്ന പഞ്ചായത്തിലെ ബിൽ കളക്ടറുടെ നിവേദനത്തിൽ എന്തു നടപടികൈം എടുത്തുവെന്നുള്ളതിനപ്പറ്റി നിയമസഭയിൽ വച്ച് പെട്ടെന്നു പറയാൻ നിവർത്തിയില്ല. വളരെയധികം ജീവനക്കാരുള്ള ഒരു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം പല അവശതകളും ഉണ്ടാകും. അത് പരിഹരിക്കാൻ വേറെ മാർഗ്ഗങ്ങളുണ്ട്.

ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ: ഒരു കാമൺകേഡർ പഞ്ചായത്തു ജീവനക്കാർക്ക് നൽകുന്നതിനായി നിവേദനം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടികൈം എടുത്തിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അവരുടെ നിവേദനത്തിൽ പറഞ്ഞിട്ടുള്ള 25 സംഗതികളും മേശപ്പുറത്തു വെച്ചിട്ടുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച കാര്യവും 25 ആവശ്യങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെട്ടേക്കാം.

പെരിഞ്ചാൺകുട്ടി പദ്ധതി

* 253 [908] ശ്രീ. കെ. എം. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിഞ്ചാൺകുട്ടി പദ്ധതിയുടെ ജലസംഭരണമേഖലയായ ചിന്നാർ, പെരിഞ്ചാൺകുട്ടി പ്രദേശങ്ങളിൽനിന്നും കർഷകരെ കുടിയിറക്കുവാൻ ഗവൺമെൻറ് നടപടികൈം വല്ലതും സ്വീകരിച്ചുകഴിഞ്ഞുവോ;

(ബി) ഈ പ്രദേശത്തുനിന്നും എത്ര കുടുംബങ്ങളെ കുടിയിറക്കുവാനാണുദ്ദേശിക്കുന്നത്;

(സി) കുടിയിറക്കുന്ന കുടുംബങ്ങളെ എവിടെ പുനരധിവസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്?

റവന്യൂ മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. എം. ജോർജ്ജ്: പെരിഞ്ചാൻകുട്ടി പദ്ധതി പ്രദേശത്ത് ഒരു മാസത്തിനു മുമ്പു ആർ. ഡി. ഓ. യുടേയും മറ്റു ഉദ്യോഗസ്ഥൻമാരുടേയും നേതൃത്വത്തിൽ ഷെഡ്ഡുകൈം കെട്ടി അവിടെയുള്ള കൃഷിക്കാരെ കുടിയിറക്കാൻ തീരുമാനിച്ചുവെന്നും അതിനുള്ള നടപടികൈം സ്വീകരിക്കുമെന്നും അവിടെയുള്ള കർഷകരോടു പറഞ്ഞിട്ടുള്ളതായും അറിയുന്നു. എന്നാൽ ഇപ്പോൾ അതെല്ലാം ഉപേക്ഷിച്ചു പോയിയെന്നാണോ ആശ്വാസപൂർവ്വം വിശ്വസിക്കേണ്ടത്?

ശ്രീമതി കെ. ആർ. ഗൗരി: ഈ അടുത്തകാലത്ത് അവിടെ ആരെങ്കിലും കയ്യേറ്റം നടത്തിയിട്ടുണ്ടെങ്കിൽ അവരെയെല്ലാം തന്നെ അവിടെനിന്നും ഇറക്കുന്നതിനുള്ള നടപടികൈം സ്വീകരിക്കുന്നതായിരിക്കും. 1-1-1968 നു ശേഷമുള്ള കയ്യേറ്റങ്ങളെ ഒഴിപ്പിക്കുന്നതിനുള്ള തീരുമാനം എടുത്തിരിക്കുകയാണ്. പെരിഞ്ചാൻകുട്ടി പദ്ധതിയെ സംബന്ധിച്ച് ഫൈനലായിട്ടു തീരുമാനിക്കാതെ അവിടെ താമസിക്കുന്ന ആളുകളെ ഇറക്കുന്നത് ശരിയായി

LIBRARY ARCHIVES Kerala Legislative Assembly